**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **(എ)** സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങൾ, ബോർഡ്/ കോർപ്പറേഷൻ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കായി നടപ്പാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി (SLI)**<br><br>ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും സമ്പാദ്യം ഉറപ്പുവരുത്തുന്നതിനുമായിട്ടുള്ള പദ്ധതി.<br><br>**ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (GIS),**<br><br>1984 മുതൽ മരണാനന്തര ആനുകൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് സമ്പാദ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി.<br><br>**ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (GPAIS)**<br><br>2007-ൽ പൊതുമേഖല ഇൻഷ്വറൻസ് വഴി ആരംഭിക്കുകയും തുടർന്ന് 2010 മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുത്ത് ടി ജീവനക്കാർക്കായി മികച്ച രീതിയിൽ നടപ്പാക്കി വരുന്നതുമായ അപകട ഇൻഷ്വറൻസ് പദ്ധതി.<br><br>ഇവ കൂടാതെ ജനറൽ ഇൻഷ്വറൻസ് മേഖലയിലും വിവിധ ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**'ഭവന' ഇൻഷ്വറൻസ് പദ്ധതി** |

| | | | |
|---|---|---|---|
| | | | ലൈഫ് മിഷന്റെ ഭാഗമായി സർക്കാരിന്റെ വിവിധ പാർപ്പിടപദ്ധതികൾ പ്രകാരം നിർമ്മിച്ച 2.5 ലക്ഷം ഭവനങ്ങൾക്ക് തീപിടുത്തം, പ്രകൃതിദുരന്തങ്ങൾ എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതി.<br><br>**'കോവിലൈഫ് പദ്ധതി'**<br><br>കോവിഡ് ബാധിച്ച് മരണപ്പെടുന്ന റേഷൻകട വ്യാപാരികൾക്കും സ്ഥാപനത്തിലെ ഒരു ജീവനക്കാരനും 7.5 ലക്ഷം രൂപ (ഏഴര ലക്ഷം രൂപ മാത്രം) ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് പദ്ധതി<br><br>**'ഒരുമ' പദ്ധതി**<br><br>ഒരു ഇൻഷ്വറൻസ് ദാതാവ് വഴി ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് പോളിസി കവറേജ് വാങ്ങുന്നതിലൂടെ ഒരു വ്യക്തിഗത പോളിസി വാങ്ങുന്നതിനേക്കാൾ വളരെ കുറഞ്ഞ ചെലവിൽ ഇൻഷ്വറൻസ് പരിരക്ഷ നേടാൻ കുടുംബശ്രീ പോലുള്ള ജനവിഭാഗങ്ങൾക്കായി നടപ്പാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി.<br><br>കൂടാതെ ജനറൽ ഇൻഷ്വറൻസ് മേഖലയിൽ **വാഹന ഇൻഷ്വറൻസ്, ഫയർ ഇൻഷ്വറൻസ്, മറൈൻ ഇൻഷ്വറൻസ്** എന്നീ ഇൻഷ്വറൻസ് പദ്ധതികളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിനെ ആധുനികവല്ക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | **(ബി)** സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ സേവനങ്ങൾ ഇടപാടുകാർക്ക് ഓൺലൈനായി നൽകുന്നതിന് National Informatics Centre (NIC)-ന്റെ സഹായത്തോടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. നിലവിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലെ രണ്ട് സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകിവരുന്നു. വകുപ്പിന്റെ വെബ്സൈറ്റ് ദ്വിഭാഷയിലാക്കി പുനർരൂപകല്പന ചെയ്യുന്നതിനുള്ള നടപടികളും വകുപ്പിൽ ഇ–ഓഫീസ് സംവിധാനം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളും അവസാനഘട്ടത്തിലാണ്.<br><br>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുന:സംഘടിപ്പിച്ച് ശക്തിപ്പെടുത്തുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി സർക്കാർ ഉത്തരവ് (കൈ) നം.23/2021/ധന, തീയതി. 11/02/2021 പ്രകാരം വകുപ്പിൽ 32 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കായി നിലവിൽ നടപ്പാക്കിയിട്ടുള്ള അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്)-യെ കൂടുതൽ ആകർഷകമാക്കുന്നതും, ജീവനക്കാർക്കായി ഒരു '**ആന്വിറ്റി പദ്ധതിയും,** 'ഒരുമ' പദ്ധതിയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ അങ്കണവാടി പ്രവർത്തകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയും, കൃഷി വകുപ്പുമായി സഹകരിച്ച് കാർഷിക കർമ്മസേന അംഗങ്ങൾക്കായി പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ